രോഗം പടർന്നുപിടിക്കുന്നത് നിയന്ത്രിക്കാനും ഡോക്ടർമാരും ഇല്ല, ജെ.പി.എച്ച്.എൻ.-മാരും ജെ.എച്ച്.ഐ.-മാരും ഇല്ല. ഇവരുടെ റാങ്ക് ലിസ്റ്റ് നമ്മുടെ സംസ്ഥാനത്ത് നിലവിലുണ്ട്. ആ റാങ്ക് ലിസ്റ്റ് നിലവിലുണ്ടെങ്കിലും അവരിൽ പല ആളുകളും ഏജ് ഓവർ ആയി കൊണ്ടിരിക്കുകയാണ്. അവരെ നിയമിക്കാൻ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. അതുകൊണ്ട് നമ്മുടെ സംസ്ഥാനത്തിന്റെ ആരോഗ്യ രംഗത്ത് ആവശ്യമായ നേട്ടം ഉണ്ടാക്കുന്നതിനും ഒഴിവുള്ള തസ്തികകൾ പൂർണ്ണമായി നികത്താൻ, അത് ബഹുമാനപ്പെട്ട മന്ത്രിയ്ക്ക് അറിയാം, ആവശ്യമായ നടപടികൾ സ്വീകരിക്കുന്നകാര്യം അനുഭാവപൂർവം പരിഗണിക്കണമെന്ന് അപേക്ഷിക്കുന്നു.

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ): സർ, ഡോക്ടർമാരുടെ കുറവല്ല, ജെ.പി.എച്ച്.എൻ.-നെ നിയമിക്കുന്നില്ല എന്നതാണ് അദ്ദേഹത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ആരോപണം. അതിന് പബ്ലിക് സർവീസ് കമ്മിഷന്റെ ഒരു ലിസ്റ്റ് ഉണ്ട്. അതിൽ ഒരു പ്രശ്നമുള്ളത് കുഷ്ഠരോഗ നിവാരണത്തിന്റേതായ സെൻട്രൽ ഗവൺമെന്റിന്റെ ഒരു സ്ഥാപനം ഉണ്ടായിരുന്നു. ആ സ്കീം സെൻട്രൽ ഗവൺമെന്റ് നിറുത്തി. അതുകൊണ്ട് അതിൽ ഉണ്ടായിരുന്ന 450-ഓളം വരുന്ന ജീവനക്കാരെ ഹെൽത്ത് ഡിപ്പാർട്ടുമെന്റിൽ ഉൾക്കൊള്ളിക്കുകയല്ലാതെ മറ്റ് മാർഗ്ഗമില്ല. അതാണ് വ്യവസ്ഥ. അതനുസരിച്ച് ഈ ജെ.പി.എച്ച്.എൻ.-കളുടെ പോസ്റ്റിലാണ് അവർ വരുന്നത്. അവരെ ഉൾപ്പെടുത്താനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അതിനുശേഷമുള്ള എല്ലാ പോസ്റ്റുകളിലും പി.എസ്.സി.-യിൽ നിന്നുള്ള ആളുകളെ നിയമിക്കുന്നതാണ്.

(5) സാരസ്വത അബ്രാഹ്മണ സമുദായത്തിലെ കുട്ടികൾക്ക് ഒ.ബി.സി. സർട്ടിഫിക്കറ്റ്

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: 16-ാം നൂറ്റാണ്ടിൽ കേരളത്തിൽ കുടിയേറിപ്പാർത്ത, ഇപ്പോൾ കൊച്ചിയിലും മറ്റ് ചില സ്ഥലങ്ങളിലും മാത്രം കാണപ്പെടുന്ന ചെറിയ ഒരു സമുദായമാണ് സാരസ്വത അബ്രാഹ്മണ സമുദായം. ഈ സമുദായത്തിൽ വിവാഹബന്ധം വരെ നിഷിപ്തമായിരുന്നു. 1931-ൽ കൊച്ചി രാജാവ് ഒരു രാജവിളംബരം പുറപ്പെടുവിപ്പിക്കുകയും അവരെ സമൂഹത്തിലെ മുഖ്യ ധാരയിൽ കൊണ്ടുവരികയും പിന്നോക്ക സമുദായത്തിൽ ഉൾപ്പെടുത്തുകയും ചെയ്തു. 1961 വരെ ഇവരെ നമ്മുടെ സംസ്ഥാനത്തെ ഒ.ബി.സി.-യിൽ ഉൾപ്പെടുത്തി പിന്നോക്ക സമുദായങ്ങളുടെ എല്ലാ ആനുകൂല്യങ്ങളും ലഭിച്ചിരുന്നു. പക്ഷെ അതിനുശേഷം നമ്മുടെ സംസ്ഥാനത്ത് അവരുടെ കുട്ടികൾക്ക് വിദ്യാഭ്യാസ ആവശ്യത്തിന് തഹൽസിൽദാർമാരും വില്ലേജ് ഓഫീസർമാരും ഒരു സർട്ടിഫിക്കറ്റ് പോലും കൊടുക്കാത്ത അവസ്ഥയായി. കർണ്ണാടകയിലും ഗോവയിലും അതുപോലെ ആന്ധ്രയിലും ഒക്കെ ഇവർ ഇപ്പോഴും ഒ.ബി.സി.-യാണ്. മാത്രമല്ല, കേന്ദ്ര ഗവൺമെന്റ് 99-ൽ ഇവരെ ഒ.ബി.സി.-യിൽ ഉൾപ്പെടുത്തി ഒരു വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഇവരുടെ കാര്യം വളരെ അനുഭാവപൂർവം പരിഗണിക്കുകയും അവരുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിന് ഉതകുന്ന വിധത്തിലുള്ള സർട്ടിഫിക്കറ്റുകൾ നൽകാൻ സഹായിക്കുകയും ഇവരെ ഒ.ബി.സി.-യിൽ ഉൾപ്പെടുത്തി സഹായിക്കുകയും ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഗവൺമെന്റിന് അതൊരു എക്സിക്യൂട്ടീവ് ഓർഡർ കൊണ്ട് ചെയ്യാമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇതിന് നടപടികൾ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ): സർ, മട്ടാഞ്ചേരി പ്രദേശത്ത് പാർക്കുന്ന സാരസ്വത അബ്രാഹ്മണ സമുദായം ഒ.ബി.സി. ലിസ്റ്റിലില്ല. അവരെ ഒരു എക്സിക്യൂട്ടീവ് ഓർഡർ വഴി ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നാണ് ബഹുമാനപ്പെട്ട അംഗത്തിന്റെ ആവശ്യം. ഈ സമുദായം പതിനാറാം നൂറ്റാണ്ടിൽ ഗോവയിൽ നിന്നും കൊച്ചിയിൽ കുടിയേറിയതാണ്. അവർ കൊങ്കിണി ഭാഷയാണ് സംസാരിക്കുന്നത്. ഇവരെ ദേവദാസികൾ എന്നും സാരസ്വത സമുദായമെന്നും അറിയപ്പെടുന്നുണ്ട്. മട്ടാഞ്ചേരിയിലും പ്രാന്തപ്രദേശത്തുമാണ് ഇവർ പാർക്കുന്നത്. ഇവരെ പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം നേരത്തെ ഉണ്ടായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ സ്റ്റാറ്റ്യൂട്ടറി ബോഡിയായ പിന്നോക്ക സമുദായ കമ്മിഷൻ ഇതിനെക്കുറിച്ച് വിശദമായ പഠനം നടത്തി. ആ പഠനത്തിൽ ഇവർ സാമൂഹ്യമായും വിദ്യാഭ്യാസപരമായും സാമ്പത്തികമായും പിന്നോക്കാവസ്ഥയിലല്ലെന്നാണ് കണ്ടെത്തിയത്. അപ്രകാരമുള്ള ഒരു അയിത്തവും കൽപിച്ചതായി പഠനത്തിൽ കണ്ടെത്തിയില്ല. അമ്പലത്തിൽ പാട്ടും നൃത്തവും തൊഴിലായി സ്വീകരിച്ച ഈ വിഭാഗത്തിലെ സ്ത്രീകളെ ദേവദാസികളെന്നാണ് പരക്കെ അറിയപ്പെട്ടിരുന്നത്. സംസ്കൃത പഠനവും കാലി വളർത്തലും ഇക്കൂട്ടരുടെ ഇടയിൽ നിലനിന്നിരുന്നു. ഗൗഡ സാരസ്വതരെന്ന ഉപവിഭാഗം ഈ ശ്രേണിയിലെ ഉന്നതരായി കണക്കാക്കിയിരുന്നു. കമ്മിഷന്റെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ ഇവരെ ഒ.ബി.സി.-യിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം കമ്മിഷൻ നിരാകരിക്കുകയായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ 21-1-1995-ൽ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്താനുള്ള ആവശ്യം നിരാകരിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുള്ളതാണ്. എന്നാൽ 1999-ൽ കേന്ദ്ര ഗവൺമെന്റ് കുറേ സമുദായങ്ങളെ ഒ.ബി.സി.-യിൽ പെടുത്തിയതായി കാണാനിടവന്നിട്ടുണ്ട്. സംസ്ഥാന ഗവണ്മെന്റ് ഇതുസംബന്ധിച്ച ശുപാർശ നടത്തിയതായി രേഖയിലും ഫയലിലും കാണുന്നില്ല. ഈ സാഹചര്യത്തിൽ ഈ സമുദായം തന്നിരിക്കുന്ന നിവേദനത്തിന്റെ അടിസ്ഥാനത്തിൽ വീണ്ടും ഇക്കാര്യം പരിശോധിച്ച് റിപ്പോർട്ട് ചെയ്യാൻ പിന്നോക്ക സമുദായ കമ്മിഷനെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് അത് ചെയ്യാം.

(6) കിളിമാനൂർ കേശവപുരം കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ

ശ്രീ. എൻ. രാജൻ: സർ, കിളിമാനൂർ കേശവപുരം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ കാഷ്വാലിറ്റി സർവ്വീസ് ഉൾപ്പെടെ ഇൻപേഷ്യന്റ് സർവ്വീസ് ആരംഭിക്കണമെന്നതാണ് എന്റെ ആവശ്യം. 1994 വരെ ഈ ആശുപത്രിയിൽ കാഷ്വാലിറ്റി സർവ്വീസുണ്ടായിരുന്നു. 1994-നുശേഷം ഡോക്ടർമാരുടെ എണ്ണം കുറച്ചു. കാഷ്വാലിറ്റി സർവ്വീസ് നിറുത്തലാക്കി. പ്രസവ വാർഡ് അടക്കമുള്ള വാർഡുകൾ ആവശ്യത്തിനുണ്ട്. എല്ലാ സൗകര്യങ്ങളുമുണ്ട്. ദിവസേന നൂറു കണക്കിന് രോഗികൾ ഈ ആശുപത്രിയിൽ വന്നുപോയിക്കൊണ്ടിരിക്കുന്നു. കിടത്തി ചികിത്സിക്കാമെന്ന് വിചാരിച്ചാൽ രാത്രിയിൽ ഡോക്ടർമാരുടെ സേവനം ലഭ്യമല്ല. അതുകൊണ്ട് ആവശ്യമായ ഡോക്ടർമാരെ നിയമിച്ച് കാഷ്വാലിറ്റി സർവ്വീസ് ഉണ്ടാക്കണമെന്നാണ് എന്റെ അഭ്യർത്ഥന.

LIBRARY ARCHIVES Kerala Legislative Assembly